File No.FWLD-A1/21/2019-FWLD

5967
26/8/19

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

നെന്മാറ ഡിവിഷൻ - ചെറുനെല്ലി എസ്റ്റേറ്റ് പാട്ടക്കരാറുകാർക്ക് തിരികെ നൽകിയത് - ശ്രീ.സി.റ്റി.ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.70/2019/വനം** തിരുവനന്തപുരം, തീയതി, 18/02/2019

---

പരാമർശം:- (1) 31.12.2011-ലെ സ.ഉ.(സാധാ.) നം. 555/2011/വനം

(2) 11.05.2012-ലെ സ.ഉ.(സാധാ.) നം. 228/2012/വനം

(3) 24.04.2012 ലെ 271/എ1/12/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും

(4) 28.05.2012 തീയതിയായി ശ്രീ.സി.റ്റി.ജോജു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച പ്രതിവാദ പത്രിക

(5) 17.12.2013 ലെ സ.ഉ.(സാധാ) നം.519/2013/വനം ഉത്തരവ്

(6) 24.07.2017, 06.09.2018 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7 - 105/12 നമ്പർ കത്തുകൾ

(7) 18.06.2018-ലെ FWLD-A1/104/17-FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(8) 09.07.2018തീയതിയായി ശ്രീ.സി.ജി.ജോജു, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച വിശദീകരണം.

<u>ഉത്തരവ്</u>

നെന്മാറ ഡിവിഷന്റെ കീഴിലുള്ള ചെറുനെല്ലി എസ്റ്റേറ്റ് സർക്കാർ അനുമതി കൂടാതെ പാട്ടക്കരാറുകാർക്ക് തിരികെ നൽകിയതുമായി ബന്ധപ്പെട്ട് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.സി.റ്റി.ജോജുവിനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്യുകയും, പരാമർ ശം (2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. തുടർന്ന് താഴെ

പറയുന്ന ചാർജ്ജുകൾക്ക് പരാമർശം (3) പ്രകാരം കുറ്റപത്രവും/ കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) പാട്ടക്കരാർ ലംഘനം നടത്തിയതിനെ തുടർന്ന് 09.11.2011 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലീസ് കരാർ റദ്ദാക്കി സർക്കാരിലേയ്ക്ക് ഏറ്റെടുത്തിരുന്ന ചെറുനെല്ലി എസ്റ്റേറ്റ് (283 ഏക്കർ) തിരികെ നൽകാനുള്ള 16.12.2011 ലെ ഇടക്കാല കോടതി ഉത്തരവ് നിയതമാർഗ്ഗേണയല്ലാതെ സ്വകാര്യ ഫാക്സ് നമ്പരിൽ നിന്നും വന്നതിന്റെ അടുത്ത ദിവസം തന്നെ മേലധികാരികളും, കേസിൽ ഒന്നും, രണ്ടും കക്ഷികളുമായ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോടോ, ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോടോ ആലോചിക്കാതെയും സർക്കാർ അനുമതി കൂടാതെയും അസാധാരണമായ വേഗതയിൽ എസ്റ്റേറ്റ് വിട്ടുകൊടുത്തതു വഴി ഭരണപരമായ വീഴ്ച വരുത്തി.

(ii) ഇടക്കാല വിധി വന്ന 16.12.2011 ന് ഒരു അജ്ഞാത ഉറവിടത്തിൽ നിന്നും ലഭിച്ച വിധി പകർപ്പിന്റെ ഉറവിടമോ, വിധിയുടെ സത്യാവസ്ഥയോ പരിശോധിക്കാതെ അന്നേ ദിവസം തന്നെ കോടതി വിധി സംബന്ധിച്ച് നിയമോപദേശത്തിനായി ഗവൺമെന്റ് പ്ലീഡർക്ക് ഫാക്സ് വഴി കത്തെഴുതുക വഴി ടിയാൻ ഇക്കാര്യത്തിൽ ഒഴിവാക്കാമായിരുന്ന അമിതവേഗം കാണിച്ചു. ഇപ്രകാരം നിയമോപദേശം തേടിയത് മേലുദ്യോഗസ്ഥരുടെ അറിവോടെയോ, സമ്മതത്തോടെയോ ആയിരുന്നില്ല.

(iii) ഗവൺമെന്റ് പ്ലീഡറിൽ നിന്നും 17.12.2011 ന് ലഭിച്ച നിയമോപദേശം അടിസ്ഥാനമാക്കി മേലുദ്യോഗസ്ഥരുമായി ചർച്ച ചെയ്യാതെ എസ്റ്റേറ്റ് വിട്ടുകൊടുക്കുവാനുള്ള നിർദ്ദേശം അസാധാരണ വേഗത്തിൽ റെയിഞ്ചാഫീസർക്ക് നൽകുക വഴി ടിയാൻ സർക്കാർ താൽപ്പര്യം സംരക്ഷിക്കാൻ ശ്രമിക്കുന്നതിൽ പരാജയപ്പെട്ടു.

(iv) പ്രസ്തുത ഇടക്കാല ഉത്തരവിന്റെ ശരിയായ പകർപ്പ് ബന്ധപ്പെട്ട കക്ഷികളുടെ വക്കീൽ മുഖേനയോ, ഗവൺമെന്റ് പ്ലീഡർ മുഖേനയോ ഹൈക്കോടതിയിൽ നിന്നോ, നേരിട്ടോ നെന്മാറ ഡിവിഷണൽ ഫോറസ്റ്റോഫീസർ ആയിരുന്ന ടിയാന് മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ മേലധികാരികളുടെ ഉത്തരവ് പോലും ലഭിക്കാതെ സ്വാർത്ഥ ലാഭത്തിന് വേണ്ടി എസ്റ്റേറ്റ് വിട്ടുകൊടുത്ത് അഴിമതിയ്ക്ക് കൂട്ടു നിന്നു.

(v) ഈ കേസ് കൈകാര്യം ചെയ്യുന്ന സെക്ഷൻ/ ഡിവിഷൻ ഓഫീസ് തലത്തിലുള്ള ബന്ധപ്പെട്ട ഫയൽ സെക്ഷൻ ക്ലാർക്ക് മാത്രം കണ്ട് സമർപ്പിച്ചതിന്മേൽ എസ്റ്റേറ്റ് വിട്ടു കൊടുക്കാൻ നടപടി ഉത്തരവ് നൽകുക വഴി ഓഫീസ് പ്രവർത്തന ക്രമത്തിൽ വീഴ്ച വരുത്തി.

(vi) ഇപ്രകാരം ബോധപൂർവ്വം ഓഫീസ് പ്രവർത്തനക്രമം തെറ്റിച്ച് അസാധാരണമായ വേഗത്തിൽ എസ്റ്റേറ്റ് വിട്ടു കൊടുത്ത് എസ്റ്റേറ്റ് ഉടമകളെ സഹായിച്ചു. ഇപ്രകാരം സർക്കാർ ഉദ്യോഗസ്ഥന് നിരക്കാത്ത നിലയിൽ പ്രവർത്തിച്ചു.

(vii) മേൽ നടപടികൾ മൂലം സർക്കാർ കാര്യത്തിൽ ഗുരുതരമായ കൃത്യവിലോപം, അച്ചടക്കലംഘനം, സർക്കാർ ഭൂമി നഷ്ടമാകുന്നതിന് കൂട്ടു നിൽക്കൽ എന്നീ കുറ്റങ്ങൾ ചെയ്തു.

2) ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമല്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് പരാമർശം ( 5 ) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി. ഔപചാരികാന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം ( 6 ) ലെ 24.07.2017–ലെ കത്ത് പ്രകാരം ലഭ്യമാക്കി. ടിയാനെതിരെയുള്ള ചാർജ്ജുകളൊന്നും തെളിഞ്ഞിട്ടില്ലായെന്ന് അന്വേഷണാധികാരിയും അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് പൂർണ്ണമായി യോജിക്കുന്നില്ലായെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും റിപ്പോർട്ട് ചെയ്തു.

3) ഈ വിഷയം വിശദമായി പരിശോധിച്ചതിൽ കോടതി വിധി നടപ്പിലാക്കുന്നതിൽ കാണിച്ച ഉത്തരവാദിത്വം പോലെ തന്നെ, കേസിലുൾപ്പെട്ട സ്ഥലത്തിന്റെ ഉടമയെന്ന നിലയ്ക്ക് സർക്കാരിന്റെയോ, മേലധികാരിയുടെയോ അനുമതി കൂടി വാങ്ങി കോടതി വിധി നടപ്പിലാക്കുന്നതിലും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്ന നിലയിൽ ടിയാൻ ഉത്തരവാദിത്വം കാണിക്കേണ്ടതായിരുന്നുവെന്നും ഇടക്കാല വിധി വന്ന 16/12/2011 ന് തന്നെ കോടതി വിധി സംബന്ധിച്ച് നിയമോപദേശം തേടിയതിന് സർക്കാരിന്റെയോ മേലധികാരിയുടെയോ നിർദ്ദേശം വേണ്ടവിധം നേടിയെടുക്കാൻ ശ്രമിച്ചിട്ടില്ലായെന്നും കണ്ടെത്തി. തുടർന്ന് സർക്കാർ താൽപര്യം സംരക്ഷിച്ചില്ല, വിധിയുടെ ശരി പകർപ്പ് ലഭിക്കുന്നതിന് മുമ്പും മേലധികാരിയുടെ ഉത്തരവ് ലഭിക്കുന്നതിനു മുമ്പും അസാധാരണ വേഗത്തിൽ ഭൂമി വിട്ടുകൊടുത്തു, അതുകാരണം മറ്റ് എസ്റ്റേറ്റുകളും വിട്ടുകൊടുക്കേണ്ടിവന്നു, സർക്കാർ ഉദ്യോഗസ്ഥന് നിരക്കാത്ത പ്രവൃത്തി ചെയ്തു, തുടങ്ങിയ ആരോപണങ്ങൾ നിലനിൽക്കുന്നതായി കണ്ടെത്തി, 1960–ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 (11) പ്രകാരം അന്വേഷണ റിപ്പോർട്ട് നിരസിച്ചുകൊണ്ട് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 11 (VA) പ്രകാരം ടിയാന്റെ 3 വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുന്നതിന് തീരുമാനിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

4) ശ്രീ.സി.ടി.ജോജു പ്രസ്തുത നോട്ടീസിന് പരാമർശം (8) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കി. തുടർന്ന് സ്വാഭാവിക നീതി ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി ടിയാനെ 08.11.2018–ന് നേരിൽ കേട്ടു.

5) നേരിൽ കേൾക്കുന്ന സമയത്ത് ശ്രീ.സി.റ്റി.ജോജു ഉന്നയിച്ച വാദങ്ങളും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും വിശദമായി പരിശോധിച്ചു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചെറുനെല്ലി എസ്റ്റേറ്റ് കൈവശക്കാർക്ക് വിട്ടുകൊടുക്കുന്നതിന് അനാവശ്യ ധൃതികാട്ടി എന്നുള്ളത് വസ്തുതയാണെങ്കിലും ഇക്കാര്യത്തിൽ ടിയാൻ എന്തെങ്കിലും അഴിമതി നടത്തിയതായോ സ്വാർത്ഥലാഭമുണ്ടാക്കിയതായോ തെളിഞ്ഞിട്ടില്ലാത്തതിനാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്ന നിലയിലെ ടിയാന്റെ ആദ്യനിയമനമായിരുന്നതിനാലുള്ള പരിചയക്കുറവ് കൊണ്ടുണ്ടായ ഒരു വീഴ്ചയായി

പരിഗണിച്ച് 'കർശന താക്കീത്' നൽകുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തതു പ്രകാരം ശ്രീ.സി.റ്റി.ജോജ്ജ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് 'കർശന താക്കീത്' നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.സി.റ്റി.ജോജ്ജ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signature valid.
ഉത്തരവിൻ പ്രകാരം
Digitally signed by BIJI K
Date: 2019.02.19 09:31:31 IST
Reason: Approved
സെക്ഷൻ ഓഫീസർ